LIBRARY ARCHIVES Kerala Legislative Assembly

മുന്നറിയിപ്പില്ലാതെ ജലവിതരണം നിർത്തിവയ്ക്കുന്നതുമൂലം ഉളവാകുന്ന ബുദ്ധിമുട്ടുകൾ

6 (*541) ശ്രീ. പി. സി. ജോർജ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. മത്തായി ചാക്കോ :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാട്ടർ അതോറിറ്റി മുന്നറിയിപ്പ് ഇല്ലാതെ ജലവിതരണം നിർത്തിവയ്ക്കുന്നതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പമ്പിംഗ് നിർത്തിവയ്ക്കേണ്ടി വരുന്ന സാഹചര്യത്തിൽ അക്കാര്യം മുൻകൂട്ടി ജനങ്ങളെ അറിയിക്കാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) വാട്ടർ അതോറിറ്റിയുടെ കൺട്രോൾ റൂമുകളുടെ പ്രവർത്തനം നിരീക്ഷണ വിധേയമാക്കിയിട്ടുണ്ടോ ; കുറ്റമറ്റ നിലയിൽ കൺട്രോൾ റൂമുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്. അപ്രതീക്ഷിതമായി ജലവിതരണ കുഴലുകളിലുണ്ടാകുന്ന പൊട്ടൽ, ലീക്ക് തുടങ്ങിയവമൂലവും മറ്റ് കാരണങ്ങളാലും മുന്നറിയിപ്പില്ലാതെ ജലവിതരണം നിർത്തിവയ്ക്കുന്നതുമൂലം ജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാറുണ്ട്.

(ബി) ഷെഡ്യൂൾ ചെയ്ത് നടത്തുന്ന അറ്റകുറ്റപണികൾമൂലം ശുദ്ധജല വിതരണം തടസ്സപ്പെടുന്ന സാഹചര്യങ്ങളിൽ പണിയുടെ പ്രാധാന്യം അനുസരിച്ച് പത്രം, മറ്റ് വാർത്താ മാധ്യമങ്ങൾ എന്നിവയിലൂടെ പൊതുജനങ്ങളെ അറിയിക്കാറുണ്ട്. എന്നാൽ അപ്രതീക്ഷിതമായി പൈപ്പ് പൊട്ടുമ്പോഴോ പമ്പിംഗ് ഇലക്ട്രിസിറ്റി എന്നീ സംവിധാനങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുമ്പോഴോ ജലവിതരണം നിർത്തിവയ്ക്കേണ്ടി വരുന്നത് പൊതുജനങ്ങളെ അറിയിക്കാൻ കഴിയാറില്ല.

(സി) കൺട്രോൾ റൂമുകളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്. ഹെൽപ്പ്ലൈൻ സംവിധാനംവഴി ആവശ്യത്തിന് ജീവനക്കാരെ വിന്യസിപ്പിച്ച് കൺട്രോൾ റൂമുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കുന്നതാണ്. പരാതിക്കാരനെ ഹെൽപ്പ്ലൈൻ സംവിധാനം വഴി അറ്റകുറ്റപ്പണികളുടെ പുരോഗതിയും ജലവിതരണം സാധാരണ ഗതിയിൽ ആക്കുന്നതിനുള്ള സമയവും അറിയിക്കാൻ ശ്രമിക്കുന്നതാണ്.